## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3473 19.10.2016-ൽ മറുപടിയ്ക്ക്

### കുടിവെള്ളത്തിന് ഗാർഹിക കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, അനിൽ അക്കര<br>,, അൻവർ സാദത്ത്<br>,, പി.ടി. തോമസ്: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമയബന്ധിതമായി കുടിവെള്ളത്തിന് ഗാർഹിക കണക്ഷൻ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഗാർഹിക കണക്ഷൻ നൽകാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചു കൊണ്ട് സമയ ബന്ധിതമായി കണക്ഷൻ നൽകുന്നതിനു കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച KWA/HO/ RMC/R1/1088/2013 dated 16.07.2013-ലെ ഉത്തരവ് പ്രകാരം കണക്ഷൻ നൽകി വരുന്നു. കണക്ഷൻ നടപടികൾ ലഘൂകരിക്കുന്ന തിലൂടെയും ജലഅതോറിറ്റി തന്നെ കണക്ഷൻ നേരിട്ടു നൽകുന്നതിലൂടെയും കണക്ഷനുകൾ വേഗത്തിൽ നൽകുവാനും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുവാനും സാധിക്കും. കൂടാതെ, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്/ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ഇ.പി.ഐ.സി/ ആധാർ/എൻ.പി. ആർ/ റേഷൻ കാർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കോപ്പി നൽകിയാൽ അപേക്ഷാ ഫാം ലഭ്യമാകും. കൂടാതെ അതാത് മാസങ്ങളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ മുൻഗണന ക്രമത്തിൽ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ നൽകാൻ കമ്പ്യൂട്ടർ സേവനം ഉപയോഗിച്ചു വരുന്നു. എല്ലാ മാസവും കൊടുക്കുന്ന കണക്ഷനുകളുടെ എണ്ണം കൃത്യമായി വിലയിരുത്തുകയും ഓഫീസുകൾക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്യുന്നു. |
| (ബി) സംസ്ഥാനത്ത് ഒരു വർഷം നല്കുന്ന ഗാർഹിക കണക്ഷനുകൾ എത്രയാണെന്ന് വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് 2015-16 കാലഘട്ടത്തിൽ 108969 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | നൽകുന്ന ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ; | (സി) & (ഡി) ഉണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെയും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിലൂടെയും കൂടുതൽ സ്ഥലങ്ങളിൽ കുടിവെള്ളം എത്തുകയും അതുവഴി ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കും. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 10 ലക്ഷം കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, വിശദമാക്കുമോ? | |

Renuka Sankar

സെക്ഷൻ ഓഫീസർ